**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1744** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>വനിതാ സംരംഭകത്വവും സാമ്പത്തിക ശാക്തീകരണവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** തൊഴിൽരഹിതരായ സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സാമ്പത്തിക സ്വാശ്രയത്വം ഉറപ്പാക്കുന്നതിനുമായി വനിതാ വികസന കോർപ്പറേഷൻ (കെ.എസ്.ഡബ്ല്യൂ.ഡി.സി.)വഴി നടപ്പിലാക്കുന്ന വായ്പ/സബ്സിഡി പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** (എ) വനിതാ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന വിവിധ വായ്പ/ സബ്സിഡി പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1ആയി ചേർക്കുന്നു.

**(ബി)** ജോലി ചെയ്യുന്ന സ്ത്രീകൾക്കായി വിവിധ ജില്ലകളിൽ നടപ്പിലാക്കുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**<u>മറുപടി:</u>** (ബി) കേന്ദ്ര സർക്കാരിന്റെ Scheme for Special Assistance to States for Capital Investment (SASCI) -2025 പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന 10 വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കെട്ടിടം നിർമ്മിച്ച് വരുന്നു. 120 കോടി രൂപയാണ് ആകെ പ്രോജക്റ്റ് തുക. പ്രസ്തുത ആവശ്യത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും ആദ്യ ഗഡുവായി ലഭിച്ച 79.20 കോടി രൂപയിൽ നിന്നും 62,14,76,204/- രൂപ നാളിതുവരെ വിനിയോഗിച്ചിട്ടുണ്ട്. ഫണ്ട് വിനിയോഗം സംബന്ധിച്ച യു.സി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. രണ്ടാം ഗഡു തുക ലഭ്യമായിട്ടില്ല. കെട്ടിട നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചുവടെ ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം I**

# കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

**വായ്പാ പദ്ധതികൾ**

1) സ്വയം തൊഴിൽ വായ്പാ പദ്ധതി

2) വിദ്യാഭ്യാസ വായ്പാ പദ്ധതി

3) ലഘു വായ്പാ പദ്ധതി

**ന്യൂനപക്ഷ വിഭാഗം**

**യോഗ്യതാ മാനദണ്ഡങ്ങൾ**

1) സർക്കാർ അംഗീകരിച്ച ന്യൂനപക്ഷ സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട വനിതയായിരിക്കണം.

2) വരുമാന പരിധി രണ്ടായി തിരിച്ചിരിക്കുന്നു – ക്രെഡിറ്റ് ലൈൻ ഒന്നിൽ വാർഷിക വരുമാനം 3.00 ലക്ഷം രൂപ വരെ

3) ക്രെഡിറ്റ് ലൈൻ രണ്ടിൽ മൊത്തം വരുമാന പരിധി 8.00 ലക്ഷം രൂപ വരെയാണ്

**1. സ്വയം തൊഴിൽ വായ്പാ പദ്ധതി**

പരമാവധി വായ്പാ തുക

ക്രെഡിറ്റ് ലൈൻ 1 –20 ലക്ഷം രൂപ

ക്രെഡിറ്റ് ലൈൻ 11 – 30 ലക്ഷം രൂപ

പലിശ നിരക്ക് – 6% (വാർഷിക പലിശ)

തിരിച്ചടവ് കാലാവധി – 60 മാസം

ജാമ്യം – വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

പ്രായം 18 നും 55 നും മദ്ധ്യേ

**2. വിദ്യാഭ്യാസ വായ്പ പദ്ധതി**

പരമാവധി വായ്പാ തുക

ക്രെഡിറ്റ് ലൈൻ I – 20 ലക്ഷം രൂപ (ഇന്ത്യ)

ക്രെഡിറ്റ് ലൈൻ II – 30 ലക്ഷം രൂപ (വിദേശം)

പലിശ നിരക്ക്

ക്രെഡിറ്റ് ലൈൻ 1 – 3%

ക്രെഡിറ്റ് ലൈൻ II – 5%

തിരിച്ചടവ് കാലാവധി - 60 മാസം

ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

പ്രായം 16 നും 32 നും മദ്ധ്യേ

**3.ലഘു വായ്പ പദ്ധതി (വനിതാ സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി./എൻ.ജി.ഒ.))**

പരമാവധി വായ്പാ തുക

ക്രെഡിറ്റ് ലൈൻ 1-എസ്.എച്ച്.ജി. (20 ലക്ഷം രൂപ)

എൻ.ജി.ഒ. (30 ലക്ഷം), സി.ഡി.എസ്. (4 കോടി രൂപ)

ക്രെഡിറ്റ് ലൈൻ II-എസ്.എച്ച്.ജി. (30 ലക്ഷം രൂപ)

എൻ.ജി.ഒ. (30 ലക്ഷം), സി.ഡി.എസ്. (4 കോടി രൂപ))

പരമാവധി അംഗ പരിധി-20 അംഗങ്ങൾ

പലിശ നിരക്ക്

ക്രെഡിറ്റ് ലൈൻ 1 & 11-എസ്.എച്ച്.ജി.- 6%, എൻ.ജി.ഒ. 2%,

സി.ഡി.എസ്. 5%

തിരിച്ചടവ് കാലാവധി-36 മാസം

**4. വിരാസത്ത് പദ്ധതി (കരകൗശല നിർമ്മാണ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി)**

പരമാവധി വായ്പാ തുക

ക്രെഡിറ്റ് ലൈൻ I - 10 ലക്ഷം രൂപ

പലിശ നിരക്ക് - 4% (വാർഷിക പലിശ)

തിരിച്ചടവ് കാലാവധി- 60 മാസം

ജാമ്യം- വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

പ്രായം 18 നും 55 നും മദ്ധ്യേ

വരുമാന പരിധി ക്രെഡിറ്റ് ലൈൻ 1 ൽ വാർഷിക വരുമാനം 3.00 ലക്ഷം രൂപ വരെ, ക്രെഡിറ്റ് ലൈൻ II ൽ 8.00 ലക്ഷം രൂപ വരെ

**<u>പിന്നോക്ക വിഭാഗം</u>**

യോഗ്യതാ മാനദണ്ഡങ്ങൾ

1) സർക്കാർ അംഗീകരിച്ച പിന്നോക്ക സമുദായങ്ങളിലേതിലെങ്കിലും (ഒ.ബി.സി) ഉൾപ്പെട്ട വനിതയായിരിക്കണം.

2) വാർഷിക വരുമാനം അഞ്ച് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

**1. സ്വയം തൊഴിൽ വായ്പാ പദ്ധതി**

പരമാവധി വായ്പാ തുക – 25 ലക്ഷം രൂപ വരെ

പലിശ നിരക്ക് – 1.25 ലക്ഷം വരെ – 7%

1.25 ലക്ഷം മുതൽ 25 ലക്ഷം വരെ – 8%

തിരിച്ചടവ് കാലാവധി – 60 മാസം

ജാമ്യം – വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

പ്രായം 18 നും 55 നും മദ്ധ്യേ

**2. വിദ്യാഭ്യാസ വായ്പ പദ്ധതി**

പരമാവധി വായ്പാ തുക – ഇന്ത്യ/വിദേശം – 25 ലക്ഷം രൂപ വരെ പലിശ നിരക്ക് – 8% (വാർഷിക പലിശ) തിരിച്ചടവ് കാലാവധി – 60 മാസം ജാമ്യം – വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം പ്രായം 16 നും 32 നും മദ്ധ്യേ

**3. ഗ്രൂപ്പ് ലോൺ സ്കീം**

പരമാവധി വായ്പാ തുക 20 ലക്ഷം രൂപ വരെ, ഒരു അംഗത്തിന് പരമാവധി 100000 രൂപ വരെ

പരമാവധി അംഗ പരിധി – 20 അംഗങ്ങൾ, ഒരു സി.ഡി.എസ്.ന് 4 കോടി രൂപ വരെ

പലിശ നിരക്ക് എസ്.എച്ച്.ജി.– 7% (വാർഷിക പലിശ), സി.ഡി.എസ്.ന് – 6%

തിരിച്ചടവ് കാലാവധി – 30 മാസം

**<u>പട്ടിക ജാതി വിഭാഗം</u>**

യോഗ്യതാ മാനദണ്ഡങ്ങൾ

1) സർക്കാർ അംഗീകരിച്ച പട്ടികജാതി സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട വനിതയായിരിക്കണം

2) വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

**1. സ്വയം തൊഴിൽ വായ്പാ പദ്ധതി**

മൈക്രോ ക്രെഡിറ്റ് ഫിനാൻസ് ലോൺ

പരമാവധി വായ്പാ തുക–1.25 ലക്ഷം രൂപ

പലിശ നിരക്ക്– 6% (വാർഷിക പലിശ)

തിരിച്ചടവ് കാലാവധി– 36 മാസം

ജാമ്യം–വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

പ്രായം 18 നും 55 നും മദ്ധ്യേ

**ടേം ലോൺ പദ്ധതി**

പരമാവധി വായ്പാ തുക -1.25 മുതൽ 45 ലക്ഷം രൂപ

പലിശ നിരക്ക്-8% (വാർഷിക പലിശ)

തിരിച്ചടവ് കാലാവധി-60 മാസം

ജാമ്യം- വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

പ്രായം 18 നന 55 നും മദ്ധ്യേ

**2. വിദ്യാഭ്യാസ വായ്പ പദ്ധതി**

പരമാവധി വായ്പാ തുക - 40 ലക്ഷം രൂപ, (ഇന്ത്യ/വിദേശം )

പലിശ നിരക്ക് - 6.5%

തിരിച്ചടവ് കാലാവധി -60 മാസം

ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

പ്രായം 16 നും 32 നും മദ്ധ്യ

**3. ലഘു വായ്പ പദ്ധതി**

പരമാവധി വായ്പാ തുക - 1.25 ലക്ഷം രൂപ വരെ

പലിശ നിരക്ക് - എസ്.എച്ച്.ജി.-6%, സി.ഡി.എസ്.ന് - 5%

തിരിച്ചടവ് കാലാവധി - 36 മാസം

**<u>പട്ടികവർഗ്ഗ വിഭാഗം</u>**

യോഗ്യതാ മാനദണ്ഡങ്ങൾ

1) സർക്കാർ അംഗീകരിച്ച പട്ടികവർഗ്ഗ സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട വനിതയായിരിക്കണം.

2) വാർഷിക വരുമാന പരിധി മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം.

**1. ആദിവാസി മഹിളാ സശക്തീകരണ യോജന**

പരമാവധി വായ്പാ തുക - 2.00 ലക്ഷം രൂപ

പലിശ നിരക്ക് - 4% (വാർഷിക പലിശ)

തിരിച്ചടവ് കാലാവധി - 60 മാസം

ജാമ്യം - വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

പ്രായം 18 നും 55 നും മദ്ധ്യേ

**2. ലഘു വായ്പ പദ്ധതി**

പരമാവധി വായ്പാ തുക – 5 ലക്ഷം രൂപ വരെ, ഒരു അംഗത്തിന് പരമാവധി 50,000/– രൂപ വരെ

പലിശ നിരക്ക് – എസ്.എച്ച്.ജി. – 6%, സി.ഡി.എസ്. – 5%

തിരിച്ചടവ് കാലാവധി – 36 മാസം

**<u>മുന്നോക്ക വിഭാഗം</u>**

**യോഗ്യതാ മാനദണ്ഡങ്ങൾ**

1)മറ്റ് വിഭാഗങ്ങളിലൊന്നും ഉൾപ്പെടാത്ത വനിതയായിരിക്കണം

2) വാർഷിക വരുമാന പരിധി 8 ലക്ഷം രൂപയിൽ താഴെയായിരിക്കണം.

**1. സ്വയം തൊഴിൽ വായ്പാ പദ്ധതി**

പരമാവധി വായ്പാ തുക – 5 ലക്ഷം രൂപ

പലിശ നിരക്ക് – 8% (വാർഷിക പലിശ)

തിരിച്ചടവ് കാലാവധി – 60 മാസം

ജാമ്യം – വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

പ്രായം 18 നും 55 നും മദ്ധ്യേ

**2. വിദ്യാമിത്ര വിദ്യാഭ്യാസ വായ്പാ പദ്ധതി**

പരമാവധി വായ്പാ തുക – 10 ലക്ഷം രൂപ (ഒരു വർഷം പരമാവധി 50 ലക്ഷം രൂപയുടെ വായ്പാ വിതരണം)

പലിശ നിരക്ക് – 7.5% (വാർഷിക പലിശ)

തിരിച്ചടവ് കാലാവധി – 5 വർഷം

ജാമ്യം – വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

പ്രായം 18 നും 32 നും മദ്ധ്യേ

**3. ലഘു വായ്പ പദ്ധതി**

പരമാവധി വായ്പാ തുക – ഒരു അംഗത്തിന് പരമാവധി 50,000/– രൂപ വരെ

പലിശ നിരക്ക് . എസ്.എച്ച്.ജി. – 8%, സി.ഡി.എസ്. – 7%

തിരിച്ചടവ് കാലാവധി – 36 മാസം

**<u>ശുചീകരണ തൊഴിലാളികൾക്കുള്ള വായ്പാ പദ്ധതി</u>**

ദേശീയ സഫായ് കരംചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ്റെ സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നതിനുള്ള അനുമതി സർക്കാർ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകി. ശുചീകരണ തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും സാമൂഹിക, സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ കുടുംബശ്രീ, ശുചിത്വമിഷൻ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

**യോഗ്യതാ മാനദണ്ഡങ്ങൾ**

1) ശുചീകരണ തൊഴിലാളികളും അവരുടെ ആശ്രിതർക്കും

2) കുടുംബശ്രീ മിഷന്റെ ഹരിത കർമ്മ സേനയിൽ ഉൾപ്പെട്ടവർ

3) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കോഓപ്പറേറ്റീവ് സൊസൈറ്റികൾ

**1. സ്വയം തൊഴിൽ വായ്പാ പദ്ധതി**

പരമാവധി വായ്പാ തുക – 15 ലക്ഷം രൂപ

പലിശ നിരക്ക് – 6% (വാർഷിക പലിശ)

തിരിച്ചടവ് കാലാവധി – 84 മാസം

ജാമ്യം – വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

**2. *വിദ്യാഭ്യാസ വായ്പ പദ്ധതി**

പരമാവധി വായ്പാ തുക – 10 ലക്ഷം രൂപ, വിദേശം – 20 ലക്ഷം രൂപ

പലിശ നിരക്ക് – 5.5%–6.5% (വാർഷിക പലിശ) വിദേശം – 4%

തിരിച്ചടവ് കാലാവധി – 60 മാസം

ജാമ്യം – വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

*ശുചീകരണ തൊഴിലാളികളുടെ ആശ്രിത വിദ്യാർത്ഥിനികൾ

**3. ലഘു വായ്പ പദ്ധതി**

ഒരു അംഗത്തിന് പരമാവധി വായ്പാ തുക – 1,00,000/–രൂപ

പലിശ നിരക്ക് എസ്.എച്ച്.ജി. – 6%, സി.ഡി.എസ്. ന് – 5% (വാർഷിക പലിശ),

തിരിച്ചടവ് കാലാവധി – 36 മാസം

കുടുംബശ്രീയുടെ സി.ഡി.എസ്. ന് കീഴിൽ രജിസ്റ്റർ ചെയ്ത വനിതാ ശുചീകരണ അംഗങ്ങളുടെ ഗ്രൂപ്പുകൾ (ഹരിത കർമ്മ സേനകൾ)

**<u>നോർക്ക വനിതാ മിത്ര-സ്വയം തൊഴിൽ വായ്പാ പദ്ധതി</u>**

പ്രവാസ ജീവിതം അവസാനിപിച്ച് മടങ്ങിയെത്തുന്ന വനിതകൾക്കായി വനിതാ വികസന കോർപ്പറേഷനും നോർക്ക റൂട്ട്സും സംയുക്തമായി നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പ പദ്ധതിയാണ് നോർക്ക വനിതാ മിത്ര പദ്ധതി. വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി നോക്കുകയോ താമസിക്കുകയോ ചെയ്ത ശേഷം മടങ്ങിയെത്തുന്ന വനിതകൾക്ക് പരമാവധി 30 ലക്ഷം രൂപ വരെയുള്ള വായ്പകളാണ് ആവിഷ്കരിച്ചിരിക്കുന്നത്. കൃത്യമായി വായ്പ തിരിച്ചടവ് നടത്തുന്ന അപേക്ഷകയ്ക്ക് പദ്ധതി ചെലവിന്റെ 15% തുല്യമായ തുക (പരമാവധി 3 ലക്ഷം രൂപ വരെ) മൂലധന സബ്സിഡിയും ആദ്യത്തെ 4 വർഷം വായ്പ തുകയിന്മേൽ 3% സബ്സിഡിയും അനുവദിക്കാവുന്നതാണ്. നോർക്ക റൂട്ട്സിന്റെ അന്തിമ അനുമതി ലഭ്യമാകുന്നവർക്ക് മാത്രമേ ഈ വായ്പ ലഭിക്കുകയുള്ളൂ. അനുവദിച്ച നൽകാവുന്ന വായ്പ തുകയും പലിശ നിരക്കുകളും അതാത് ദേശീയ ധനകാര്യ വികസന കോർപ്പറേഷനുകളുടെ മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കും.

**യോഗ്യതാ മാനദണ്ഡങ്ങൾ**

1) പ്രായം 18 നും 55 നും മദ്ധ്യേ

2)ജാമ്യം-വസ്തു ജാമ്യം/ഉദ്യോഗസ്ഥ ജാമ്യം

3) തിരിച്ചടവ് കാലാവധി – 60 മാസം

**<u>KSWDC-NORKA ശുഭയാത്രാ വായ്പാ പദ്ധതി</u>**

വിദേശത്ത് ജോലി അന്വേഷിക്കുന്ന വനിതകൾക്ക് തൊഴിൽ പ്രക്രിയ എളുപ്പമാക്കുന്നതിന് വേണ്ട പരിശീലനങ്ങൾക്കും യാത്രാ ചെലവുകൾക്കും സാമ്പത്തികമായി വായാ സഹായം നൽകുന്നതിലേക്ക് നോർക്കാ റൂട്ട്സുമായി സാമ്പത്തികമായി വായ്പാ സഹായം നൽകുന്നതിലേക്ക് നോർക്കാ റൂട്ടസുമായി സംയുക്തമായി നടപ്പിലാക്കുന്ന വായ്പാ പദ്ധതിയാണ് KSWDC-NORKA ശുഭയാത്ര പദ്ധതി. അന്തർദേശീയ തലത്തിലേക്ക് ആവശ്യമായ തൊഴിൽ നൈപുണ്യ വികസനത്തിന് വേണ്ട ചെലവിലേയ്ക്കും, യാത്ര ചെലവിലേയ്ക്കും സഹായം ലഭ്യമാക്കുന്ന സബ്സിഡിയോടു കൂടിയ വായ്പ പദ്ധതിയാണിത്.

വനിതാ സഹകരണ സംഘങ്ങൾക്കുള്ള വായ്പ പദ്ധതി

സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്ന വനിതാ ഫെഡിന് കീഴിലെ സഹകരണ സംഘങ്ങൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ നൽകുന്ന ലഘു വായ്പ പദ്ധതികളും കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖാന്തിരം

നടപ്പിലാക്കുന്നുണ്ട്. കോർപ്പറേഷന്റെ തനതു ഫണ്ട് വിനിയോഗിച്ച് കൊണ്ടുള്ള പ്രസ്തുത പദ്ധതി മുഖാന്തിരം വനിതകൾക്കായുള്ള സംരംഭങ്ങൾ നടത്തുന്ന തിനായാണ് വായ്പ നൽകി വരുന്നത്.

പരമാവധി വായ്പാ തുക- 10 ലക്ഷം രൂപ വരെ

പലിശ നിരക്ക് -6%

തിരിച്ചടവ് കാലാവധി-60 മാസം

Asa.T. Panicker

സെക്ഷൻ ഓഫീസർ

**അനുബന്ധം II**

| ക്രമ നം | ഹോസ്റ്റലിന്റെ പേര് | പദ്ധതി നിർവഹണ സ്ഥാപനത്തിന്റെ പേര് | 07-10-2026 പ്രകാരമുള്ള ഭൗതിക പുരോഗതി |
|---|---|---|---|
| 1 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ വാഴത്തോപ്പ്, ഇടുക്കി | കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് | 95% പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. ഫിനിഷിംഗ് ജോലികൾ പുരോഗമിച്ചുവരുന്നു. ലോബി ടൈൽ പണി, ടെറസ് പ്ലാസ്റ്ററിംഗ്, വാട്ടർപ്രൂഫിംഗ്, ഡോർ ഷട്ടർ ഘടിപ്പിക്കൽ, ഇലക്ട്രിക്കൽ ട്രേ സ്ഥാപിക്കൽ, ഫയർ ഫൈറ്റിംഗ് ജോലികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പുട്ടി പണി 80%, പെയിന്റിംഗ് 30%, ഹാൻഡ്റെയിൽ പണി 70%, ഇലക്ട്രിക്കൽ ജോലികൾ 65%, UPVC ജോലികൾ 70%, സോക്ക് പിറ്റ് നിർമ്മാണം 25%, കോർട്ട്യാർഡ് ടൈൽ പണി 80%, പുറംഭാഗത്തെ പ്ലംബിംഗ് 70% എന്നിങ്ങനെ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ മട്ടന്നൂർ, കണ്ണൂർ | കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് | 79% പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട് കെട്ടിടത്തിന്റെ ഘടനാപരമായ എല്ലാ ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. പിൻവശത്ത് A-F ഗ്രിഡ് വരെയുള്ള പുറം പ്ലാസ്റ്ററിംഗ് പൂർത്തീകരിക്കുകയും കാന്റീൻ ബ്ലോക്കിന് സമീപമുള്ള പ്ലാസ്റ്ററിംഗ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം നിലയിലെയും താഴത്തെ നിലയിലെയും പുട്ടി പണി 90% പൂർത്തീകരിച്ചിട്ടുണ്ട്. A-F ഗ്രിഡിലെ റിട്ടെയിനിംഗ് വാൾ പണി 90% പൂർത്തീകരിച്ചിട്ടുണ്ട്. താഴത്തെ നിലയിലെ പ്രൈമർ പണി 90% പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാം നിലയിലെ പ്ലംബിംഗ് ജോലികളും |

| | | | |
|---|---|---|---|
| | | | ബാത്ത്റൂം, W/C എന്നിവയുടെ വാട്ടർപ്രൂഫിംഗ് ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. ലിഫ്റ്റ്, ഷാഫ്റ്റ് എന്നിവയുടെ പ്ലാസ്റ്ററിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ടൈൽ ഫ്ലോറിംഗ് ജോലികൾ ആരംഭിച്ചിട്ടുണ്ട്. |
| 3 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കോഴിക്കോട് | കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് | 69% പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട് കെട്ടിടത്തിന്റെ ഘടനാപരമായ പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ട്. നാലാം നിലയിലെ മേസൺറി പണിയും പൂർത്തീകരിച്ചു. ഒന്നാം നിലയിലെ അകത്തെ ഭിത്തികളുടെ പ്ലാസ്റ്ററിംഗ് 50% പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നും രണ്ടും നിലകളിലെ ഇലക്ട്രിക്കൽ ചിപ്പിംഗ്, കണ്ട്യൂട്ട് സ്ഥാപിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. AAC ബ്ലോക്ക് പണി 60% പൂർത്തീകരിച്ചിട്ടുണ്ട്. സമ്പിന്റെ വാട്ടർപ്രൂഫിംഗ് പ്രവൃത്തികളും ഓവർഹെഡ് ടാങ്കിന്റെ പ്ലാസ്റ്ററിംഗ് പ്രവൃത്തികളും കെട്ടിടത്തിന്റെ പുറംഭാഗത്തെ പ്ലാസ്റ്ററിംഗ് പ്രവൃത്തികളും ആരംഭിക്കേണ്ടതുണ്ട്. |
| 4 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ റാന്നി, പത്തനംതിട്ട | കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് | 92% പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഘടനാപരമായ പ്രവൃത്തികൾ പൂർത്തീകരിച്ച് ഫിനിഷിംഗ് ഘട്ടത്തിലാണ്. കോറിഡോറിലെ ടൈൽ പാകൽ, ഒന്നാം നിലയിലെ ഇലക്ട്രിക്കൽ വയറിംഗ്, തെക്കുഭാഗത്തെ 25 മീറ്റർ കോമ്പൗണ്ട് വാൾ ഇഷ്ടികപ്പണി, D-O ഗ്രിഡുകളിലെ UPVC ജനൽ, വെന്റിലേറ്റർ സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവേശന ഭാഗത്തെ ടൈൽ പാകൽ, സ്കർട്ടിംഗ്, ഗോവണിയുടെ ഗ്രാനൈറ്റ്, ടൈൽ പാകൽ, താഴത്തെ നിലയിലെ |

| | | | |
|---|---|---|---|
| | | | ഇലക്ട്രിക്കൽ വയറിംഗ്, പുറം പ്ലംബിംഗ്, ഗ്രിൽ സ്ഥാപിക്കൽ, കിഴക്കുഭാഗത്തെ കോമ്പൗണ്ട് വാൾ നിർമാണം എന്നിവ പുരോഗമിക്കുന്നു. |
| 5 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഗാന്ധിനഗർ കോട്ടയം | കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് | 82% പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. ബ്ലോക്ക് 1 (G+2), 2 (G+1), 3 (G+2) എന്നിവയുടെ ഘടനാപരമായ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബ്ലോക്ക് 1, 2 എന്നിവയിലെ ഇലക്ട്രിക്കൽ കണ്ട്യൂട്ട്, പ്ലാസ്റ്ററിംഗ് പ്രവൃത്തികളും പൂർത്തീകരിച്ചു. ബ്ലോക്ക് 3-ലെ മേസൺറി പ്രവൃത്തികൾ 95% പൂർത്തിയായി; ഭിത്തി പ്ലാസ്റ്ററിംഗ് പുരോഗമിക്കുന്നു. ബ്ലോക്ക് 1-ലെ എം.എസ്. ഗ്രിൽ ഫാബ്രിക്കേഷൻ, ഫ്ലോർ തലത്തിലുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചു; പ്ലംബിംഗ് പ്രവൃത്തി പുരോഗമിക്കുന്നു. അഡ്മിൻ ബ്ലോക്കിലെ രണ്ടാം നിലയിലെ (SF) അകത്തെ പ്ലാസ്റ്ററിംഗ് 75% പൂർത്തിയായി. ബ്ലോക്ക് 2-ൽ സെപ്റ്റിക് ടാങ്കിന്റെ സൈഡ് ഫില്ലിംഗ്, പി.സി.സി., ഗ്രേഡ് സ്ലാബ് ആർ.സി.സി. പ്രവൃത്തികളും സെപ്റ്റിക് ടാങ്കിന്റെ വാട്ടർപ്രൂഫിംഗും പൂർത്തീകരിച്ചു. |
| 6 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ മുളംകുന്നത്തുകാവ് തൃശ്ശൂർ | കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് | 79% പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഘടനാപരമായ പ്രവൃത്തികൾ ഭൂരിഭാഗവും പൂർത്തീകരിച്ചിട്ടുണ്ട്. വാട്ടർ ടാങ്കിന്റെ വശങ്ങളിലുള്ള പ്രവൃത്തികളും ലിഫ്റ്റ് ഹെഡ്റൂമിന്റെ പ്രവൃത്തികളും മാത്രമാണ് അവശേഷിക്കുന്നത്. അഞ്ചാം നില വരെയുള്ള ഇഷ്ടികപ്പണി ഏകദേശം 90% പൂർത്തീകരിച്ചിട്ടുണ്ട്. ആറാം നിലയിലെ ഇഷ്ടികപ്പണി ഏകദേശം 5% |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചു. നാലാം നില വരെയുള്ള പ്ലാസ്റ്ററിംഗ് പ്രവൃത്തി ഏകദേശം 70% പൂർത്തീകരിച്ചിട്ടുണ്ട്. അഞ്ചാം നിലയിലെ പ്ലാസ്റ്ററിംഗ് ഏകദേശം 25% പൂർത്തീകരിച്ചു. മുൻവശത്തെ പാരപ്പറ്റ് ബ്ലോക്ക് വർക്ക് 50% പൂർത്തീകരിച്ചിട്ടുണ്ട്. പുട്ടി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. താഴത്തെ നിലയിലെ തറയിടൽ പ്രവൃത്തി ഏകദേശം 60% പൂർത്തീകരിച്ചു. സമ്പിന്റെ ഘടനാപരമായ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഫിനിഷിംഗ് പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. റിട്ടെയ്നിംഗ് വാൾ പ്രവൃത്തികൾ ഏകദേശം 80% പൂർത്തീകരിച്ചിട്ടുണ്ട്. മുൻവശത്തെ റിട്ടെയ്നിംഗ് വാളിന്റെ സ്റ്റെം കോൺക്രീറ്റ് പ്രവൃത്തിയും വലതുവശത്തെ RR പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കോമ്പൗണ്ട് വാൾ പ്രവൃത്തികൾ ഏകദേശം 40% പൂർത്തീകരിച്ചു. ഓവർഹെഡ് വാട്ടർ ടാങ്കിന്റെ ബേസ് സ്ലാബ് കോൺക്രീറ്റ് പ്രവൃത്തി ആരംഭിക്കാനുണ്ട്. |
| 7 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ബാലരാമപുരം, തിരുവനന്തപുരം | കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് | കെട്ടിടനിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്ലാഗ് പ്രവൃത്തികൾ ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. ഫർണിച്ചർ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. പെർമിറ്റ് അംഗീകാരം ലഭിക്കാനുണ്ട്. |
| 8 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, മാവേലിക്കര. | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | 80% ത്തോളം പണി പൂർത്തിയായിട്ടുണ്ട്. നിർമ്മാണം 2026 ഡിസംബർ മാസം പൂർത്തിയാകുന്നതാണ് |
| 9 | വർക്കിംഗ് വിമൻസ് | കേരള സംസ്ഥാന വനിതാ വികസന | 80% ത്തോളം പണി പൂർത്തിയായിട്ടുണ്ട്. നിർമ്മാണം 2026 ഡിസംബർ മാസം |

| | | | |
|---|---|---|---|
| | ഹോസ്റ്റൽ, ചെങ്ങന്നൂര് | കോർപ്പറേഷൻ | പൂർത്തിയാകുന്നതാണ്. |
| 10 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, ചെറുതോണി. | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | 40% ത്തോളം പണി പൂർത്തിയായിട്ടുണ്ട്. ഈ ഹോസ്റ്റലിന്റെ നിർമ്മാണം 2027 മാർച്ച് മാസം പൂർത്തിയാകുന്നതാണ്. |

Asa.T.Panicker

സെക്ഷൻ ഓഫീസർ